പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 301 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി പ്രമോട്ടർമാർ

ചോദ്യം മറുപടി

ശ്രീ. എ.കെ.ബാലൻ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | അട്ടപ്പാടി മേഖലയിലെ മൂന്ന്പഞ്ചായത്തുകളിലായി എത്ര ആദിവാസി ഊരുകളാണ് ഉള്ളത്; ഊരുകളിൽ ഇപ്പോഴത്തെ ജനസംഖ്യ എത്ര; | (എ) | അട്ടപ്പാടി മേഖലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലായി 192 ഊരുകൾ ഉണ്ട്. ടി ഊരുകളിലെ ഇപ്പോഴത്തെ പട്ടികവർഗ്ഗ ജനസംഖ്യ 30,477 ആണ്. |
| (ബി) | ഈ മേഖലയിൽ നിലവിൽ എത്ര എസ്.ടി പ്രമോട്ടർമാരാണ് ഉള്ളത്; 2011 മേയ് വരെ എത്രപേരാണ് ഉണ്ടായിരുന്നത്; 2013 ഏപ്രിൽ മാസത്തിനു ശേഷം പുതുതായി എത്രപേരെ നിയമിച്ചിട്ടുണ്ട്; | (ബി) | അട്ടപ്പാടി മേഖലയിൽ 135 എസ്.ടി പ്രമോട്ടർമാർ ഉണ്ട്. 2011 മേയ് വരെ 135 പ്രമോട്ടർമാർ ഉണ്ടായിരുന്നു. ഇവരുടെ കാലാവധി 2013 മേയ് മാസത്തിൽ അവസാനിച്ചപ്പോൾ പുതുതായി 135 എസ്.റ്റി പ്രമോട്ടർമാരേയും 10 ഹെൽത്ത് പ്രമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. |
| (സി) | എസ്.ടി പ്രമോട്ടർമാരുടെ ചുമതലകൾ എന്തൊക്കെയാണ്; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാരിന്റെ വിവിധ വകുപ്പുകൾ തുടങ്ങിയവ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കളായ പട്ടികവർഗ്ഗക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിന് പ്രവർത്തിക്കുകയും സർക്കാരിനേയും പട്ടിക വർഗ്ഗക്കാരേയും തമ്മിൽ ബന്ധിപ്പിക്കുന്ന സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് എസ്.റ്റി. പ്രമോട്ടർമാരുടെ പ്രധാന ചുമതല. |

| | | | |
|---|---|---|---|
| (ഡി) | എസ്.ടി.പ്രമോട്ടർമാർ വകുപ്പിലെ ഏതു ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്; | | പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ നിയന്ത്രണത്തിലാണ് ഇവർ പ്രവർ ത്തിക്കുന്നത്. |
| (ഇ) | പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ അനീമിയ, വിളർച്ച, ശിശുമരണം, രോഗങ്ങൾ തുടങ്ങിയവ എസ്.ടി പ്രമോട്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഏതെല്ലാം ഊരുകളിൽ നിന്നും ഇവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്.റ്റി പ്രമോട്ടർമാർ മുഖേനയാണ് വിവിധ ഊരുകളിലെ ആരോഗ്യ പ്രശ്നമുള്ളവരെ ആശുപത്രിയിൽ എത്തിക്കുന്നത്. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ തെക്കേ ചാവടിയൂർ, ആനക്കട്ടി, നട്ടക്കല്ലൂർ, തേക്ക് മുക്കിയൂർ, വട്ടുലുക്കി, ബോഡിച്ചാള, കാരയൂർ, ലക്ഷംവീട് ഊര്, ദാസന്നൂർ, വെള്ളകുളം, ഷോളയൂർ, അഗളി പഞ്ചായത്തിലെ അടിയ കണ്ടിയൂർ, ഒസത്തിയൂർ, ചെമ്മണ്ണൂർ, പോത്തുപ്പാടി, കൊല്ലംകടവ്, ചിണ്ടക്കി ഫസ്റ്റ് സൈറ്റ്, പലകയൂർ, ചിണ്ടക്കി, ദൊണ്ടൂർ, വടകോട്ടത്തറ, പുതൂർ പഞ്ചായത്തിലെ കോണംകുറ്റി, മേലേചാവടിയൂർ, ചാളയൂർ, പാലൂർ, ഇലച്ചിവഴി, വീട്ടിക്കുണ്ട്, താഴേതുടുക്കി എന്നിവിടങ്ങളിൽ നിന്നും ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | | സിക്കിൾസെൽ അനീമിയ രോഗം ബാധിച്ച 59 ഗുണഭോക്താക്കൾക്ക് പ്രതിമാസം 1000 രൂപ വീതം നൽകുകയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 1-6 പ്രായത്തിലുള്ള ശിശുക്കൾക്കും സാമൂഹ്യനീതി വകുപ്പിലെ അംഗൻവാടികൾ മുഖേന പ്രത്യേക പൂരക ഭക്ഷണം നൽകുന്നു. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതിനു പുറമെ അട്ടപ്പാടിയിലെ വിവിധ ക്ഷേമവികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ